# നോട്ടുനിരോധത്തെപ്പറ്റി ധനമന്ത്രിയുടെ പുസ്തകം
# ഇന്നു തിരൂരിൽ എം ടി പ്രകാശനം ചെയ്യും

ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ "കള്ളപ്പണവേട്ട: മിഥ്യയും യാഥാർത്ഥ്യവും" എന്ന പുസ്തകം ഇന്നു (ഡിസംബർ 27) വൈകിട്ടു 4 ന് തിരൂർ തുഞ്ചൻപറമ്പിൽ എം. ടി. വാസുദേവൻ നായർ പ്രകാശനം ചെയ്യും. സിഐറ്റിയു അഖിലേന്ത്യാ സെക്രട്ടറി പി. നന്ദകുമാറിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ സംസ്കൃത സർവ്വകലാശാല അസോ. പ്രൊഫ. കെ.റ്റി. ഷംസാദ് ഹുസൈൻ പുസ്തകം ഏറ്റുവാങ്ങും.

കോട്ടയ്ക്കൽ ആര്യവൈദ്യശാല ട്രസ്റ്റി പി.എം. വാര്യർ, ദേശാഭിമാനി വാരിക പത്രാധിപർ പ്രൊഫ. പി.പി.അബൂബക്കർ എന്നിവർ ആശംസ നേരും. മന്ത്രി തോമസ് ഐസക് മറുപടിപ്രസംഗം ചെയ്യും.

നോട്ടുനിരോധത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്യുന്ന പുസ്തകം, കള്ളപ്പണം പിടികൂടാൻ നോട്ടുനിരോധം ആവശ്യമില്ലായിരുന്നുവെന്നും ആവശ്യമായിരുന്നെങ്കിൽത്തന്നെ ഇന്നത്തെമാതിരി ജനങ്ങളെ പീഡിപ്പിക്കാതെ അതു ചെയ്യാമായിരുന്നുവെന്നും സമർത്ഥിക്കുന്നു. സഹകരണമേഖലയിൽ ഈ നടപടി സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധിയെയും പരിഹാരങ്ങളെയും പറ്റിയും ഇതിൽ പ്രത്യേകം ചർച്ച ചെയ്യുന്നുണ്ട്.

കള്ളപ്പണത്തെയും അതു തടയാനുള്ള മാർഗ്ഗങ്ങളെയും ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന പുസ്തകത്തിൽ കാഷ്‌ലെസ് സമ്പദ്ഘടനയുടെ സവിശേഷതകൾ, നോട്ടുനിരോധം ഇൻഡ്യയെ പൊതുവിലും കേരളത്തെ വിശേഷിച്ചും എങ്ങനെബാധിക്കുന്നു, ഇപ്പോഴത്തെ പ്രതിസന്ധിയും ദുരിതങ്ങളും പരമാവധി ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവയൊക്കെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

ചോദ്യോത്തരരൂപത്തിൽ തയ്യാറാക്കിയ പുസ്തകത്തിനു പത്ത് അദ്ധ്യായങ്ങളുണ്ട്. മന്ത്രി നടത്തിയ ഫേസ്ബുക്ക് ലൈവുകളിൽ വന്ന ചോദ്യങ്ങളും സമൂഹമാദ്ധ്യമങ്ങളിൽ കമന്റായും മറ്റും വന്ന ചോദ്യങ്ങളും പലരും മന്ത്രിയോടു ഫോണിലും നേരിട്ടും ചോദിച്ച ചോദ്യങ്ങളുമൊക്കെ പരിശോധിച്ച് അവയിൽനിന്നു തെരഞ്ഞെടുത്ത 52 ചോദ്യവും ഉത്തരവുമാണ് ഉള്ളത്.

കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ രണ്ടാഴ്ചത്തെ ചികിത്സയ്ക്കെത്തിയ മന്ത്രി ആദ്യത്തെ ഒരാഴ്ച എടുത്താണു പുസ്തകരചന നടത്തിയത്. വിശ്രമം അനിവാര്യമായ ചികിത്സാവേളയിൽ അതു മറികടന്നു പുസ്തകരചന നടത്താൻ അനുവദിച്ചത് തന്റെ പ്രകൃതം അറിയാവുന്ന വൈദ്യശാലയുടെ

മേധാവി ഡോ. പി.കെ. വാര്യരാണെന്ന് ഐസക്ക് പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. പി.കെ. വാര്യർക്കാണു പുസ്തകം സമർപ്പിച്ചിരിക്കുന്നത്. ചിന്ത പബ്ലിഷേഴ്സാണു പ്രസാധകർ.